(9) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8 മുതൽ 10 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. പ്രകാശ്ബാബു : സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8,9,10 എന്നീ റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(10) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 13-ാ മത് റിപ്പോർട്ട്

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 13-ാം മത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(11) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(12) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ 14 മുതൽ 17 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ 14 മുതൽ 17 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

IX ക്രമപ്രശ്നം

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, Rule 239.

(1) Subject to sub-rules (2), (3) and (4) each Subject Committee shall submit periodical reports to the Assmebly.

ഇവിടെ ഇന്ന് അവതരിപ്പിച്ചത് 10 സബ്ജക്ട് കമ്മിറ്റികളിൽ ഏഴെണ്ണത്തിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് മാത്രമാണ്. സബ്ജക്ട് കമ്മിറ്റി-1, കൃഷിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല, സബ്ജക്ട് കമ്മിറ്റി-8, ധനകാര്യത്തിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല, സബ്ജക്ട് കമ്മിറ്റി-10, ആഭ്യന്തരം, പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല. വളരെ പ്രധാനപ്പെട്ട 3 വകുപ്പുകളുടെ ഈ പറയുന്ന പീരിയോഡിക്കൽ റിപ്പോർട്ട്സ് സഭയിൽ വച്ചിട്ടില്ല, ആ കമ്മിറ്റികൾ കൂടുക പോലും ചെയ്തിട്ടില്ല. നാളെ സഭ അവസാനിക്കുകയാണ്. മിക്കവാറും

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭ ഇനി സമ്മേളിക്കാൻ സാദ്ധ്യതയില്ല. ഏറ്റവും അവഹേളനം ഈ സഭയോട് ഈ 3 മന്ത്രിമാരും ചെയ്തിരിക്കുകയാണ്. ഒരു കൊല്ലത്തിൽ ഒരു പ്രാവശ്യം പീരിയോഡിക്കൽ റിപ്പോർട്ട് എങ്കിലും സമർപ്പിക്കാൻ, അതും ആണ്ട് അവസാനംപോലും കഴിയാത്തത് വളരെ ഖേദകരമാണ്. അതുകൊണ്ട് നാളെയെങ്കിലും അത് ചെയ്യാനുള്ള നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കണമെന്നുള്ളതല്ലാതെ in a specific period on a specific date സമർപ്പിക്കണമെന്ന് പറഞ്ഞിട്ടില്ല. ഈ വർഷം തന്നെ ഈ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സബ്മിറ്റ് ചെയ്തിട്ടുണ്ട്. ഇന്ന് ഏഴ് എണ്ണത്തിന്റേത് സമർപ്പിച്ചു. എല്ലാം ഇന്നു തന്നെ സമർപ്പിക്കണമെന്നില്ല.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ആ ആർഗ്യുമെന്റ് എടുക്കുകയാണെങ്കിൽ ബാക്കി ഏഴ് സബ്ജക്ട് കമ്മിറ്റികളുടേത് വയ്ക്കേണ്ട കാര്യമില്ലല്ലോ. അതൊരു ന്യായമൊന്നുമല്ല. സബ്ജക്ട് കമ്മിറ്റിയുടെ അവകാശമാണ്. അത് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരെപോലെയുള്ള ആളുകൾ appreciate ചെയ്യാനുള്ള ഏർപ്പാട് ചെയ്യുകയാണ് വേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞു, പീരിയോഡിക്കൽ റിപ്പോർട്ട് സഭയിൽ വയ്ക്കണമെന്നില്ല. ഇവിടത്തെ കീഴ്വഴക്കം മാർച്ച് 31 വരെ സഭയിൽ വയ്ക്കുന്നതാണ്; ഈ കാലംവരെയുള്ളത്. അദ്ദേഹത്തിന്റെ ന്യായീകരണം കേട്ടാൽ 25 വർഷം കഴിഞ്ഞ് വച്ചാലും മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നതുകേട്ടാൽ തോന്നും രണ്ട് മൂന്ന് മന്ത്രിമാർ എന്തോ അനാവശ്യം കാണിച്ചെന്ന്; അതൊക്കെ മോശമാണ്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ക്രമപ്രശ്നം ചട്ടപ്രകാരം ഇവിടെ ഉന്നയിക്കപ്പെട്ടതാണ്. റൂൾ 239 അനുസരിച്ചാണ് ഇവിടെ ഉന്നയിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റികൾ I, VIII, X ഈ മൂന്നിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് വയ്ക്കണമെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ചട്ടത്തിൽ തന്നെ പറയുന്നുണ്ട്. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതനുസരിച്ച് നമ്മുടെ റൂളിൽതന്നെ കമ്മിറ്റികളുടെ പീരിയോഡിക്കൽ റിപ്പോർട്ട്സ് വയ്ക്കാൻ കഴിയാതെ വന്നാൽ എന്ത് ചെയ്യണമെന്നത് സംബന്ധിച്ച് റൂൾ 210- പ്രകാരം ഒരു പ്രൊവിഷനുണ്ട്. അതിൽ പറയുന്നത്, അതിന്റെ ഡീറ്റെയിൽസിലേക്ക് ഞാൻ കടക്കുന്നില്ല It shall be made available to the new Committee എന്നുതന്നെ റൂളിൽ സ്പെസിഫിക്കായിട്ട് പറയുന്നുണ്ട്. അടുത്തുവരുന്ന പുതിയ കമ്മിറ്റി ആ റിപ്പോർട്ട് സഭയിൽ വയ്ക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള ഒരു ഉത്തരവ് ഞാൻ ഇപ്പോൾ തന്നെ കൊടുക്കുന്നതാണ്. അതാണ് അതിനെസംബന്ധിച്ച് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Unfinished കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് സ്പെസിഫിക്കായിട്ട് റൂളിൽ പറയുന്നുണ്ട്. പക്ഷേ പരമാവധി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യേണ്ടതുമാണ്. അത് ചെയർ കാണാതിരിക്കുന്നില്ല. ചട്ടപ്രകാരം അതിനുള്ള പ്രൊവിഷനുണ്ട്. ഒന്നും നഷ്ടപ്പെട്ടു പോകുന്നില്ല, ഇത് തുടർച്ചയായിട്ട് തന്നെ പോകുന്നതാണ്. കാലാവധി തീർന്നാൽപോലും പുതിയ കമ്മിറ്റിയിലേയ്ക്ക് പാസ് ഓൺ ചെയ്യും. റിപ്പോർട്ടുകൾ മാത്രമല്ല പറയുന്നത്. Unfinished ആയിട്ടുള്ള കാര്യങ്ങൾ, എവിഡൻസ് എടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പുതിയ കമ്മിറ്റിയിലേക്ക് ഹാന്റ് ഓവർ ചെയ്യണമെന്ന് സ്പെസിഫിക്കായിട്ട് റൂൾസിൽ പറയുന്നുണ്ട്. അത് നഷ്ടപ്പെടുന്നതല്ല എന്നുള്ള കാര്യം ചെയർ ഓർമ്മിപ്പിക്കുകയാണ്.

X ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ അനുസരിച്ച് 2001-2002 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു."

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഉപക്ഷേപത്തിനുള്ള ഭേദഗതികൾ

ധനാഭ്യർത്ഥന നമ്പർ VII

(48) ശ്രീ. പി. കെ. കെ. ബാവ : മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,67,45,000 ഉറുപ്പികയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XLII

(351) ശ്രീ. പി. ജെ. ജോയി : വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,13,73,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly